**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** **06-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ വനവിസ്തൃതി എത്ര ശതമാനമാണ് എന്ന് അറിയിക്കുമോ; | (എ) | 2018-19 ലെ വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ആകെ ജിയോഗ്രഫിക്കൽ ഏരിയായുടെ 29.65 ശതമാനമാണ് വനവിസ്തൃതി. |
| (ബി) | ദേശീയ വനവിസ്തൃതിലേയ്ക്ക് എത്തുന്നതിനുള്ള ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ വനവിസ്തൃതി ദേശീയ ശരാശരി വനവിസ്തൃതിയേക്കാൾ കൂടുതലാണ്. എന്നിരുന്നാലും, വനവിസ്തൃതി വർദ്ധിപ്പിക്കാനും കൂടുതൽ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് വനമായി സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് വനവൽക്കരണത്തിനായുള്ള പദ്ധതികൾ വിശദമാക്കുമോ ? | (സി) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വനവിസ്തൃതി വർധിപ്പിക്കുന്നതിനായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽവനങ്ങളും ഏറ്റെടുത്ത് സംരക്ഷിച്ച് വരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.0161 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽപ്പെട്ട പെരുമ്പായിക്കാട് വില്ലേജിലെ ബ്ലോക്ക് 25, സർവ്വേ |

| | | | |
|---|---|---|---|
| | | | നം. 172 ൽപ്പെട്ട 3.7550 ഹെക്ടർ സ്ഥലവും, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ കുമിളി വില്ലേജിൽ സർവ്വേ നം. 46/24 pt., 46/25 pt., 46/26 pt., 45/9 pt. ൽപ്പെട്ട 2.6798 ഹെക്ടർ സ്ഥലവും, 1961 ലെ കേരള വനം ആക്ടിന്റെ (1962 - ലെ 4) സെക്ഷൻ 4 വകുപ്പ് പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം പുറപ്പെടുവിച്ച് വനമായി സംരക്ഷിച്ചു വരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തോട് ചേർന്നു കിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും, ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും, സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ